ജില്ലാ ഇന്നവേഷൻ ഫണ്ട് സംബന്ധിച്ച്

136 (3290) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഇന്നവേഷൻ ഫണ്ട് എന്നപേരിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഒരു കോടി രൂപയുടെ പദ്ധതി ഏറ്റെടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശപ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരങ്ങളും ആദ്യഗഡുവായി കിട്ടിയ 50 ലക്ഷം രൂപയുടെ ഉപയോഗ സർട്ടിഫിക്കറ്റും ജില്ലാകളക്ടർമാർ നൽകിയിട്ടും ബാക്കി ഗഡുവായ 50 ലക്ഷം രൂപ ഇനിയും അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ 19-3-2011-ലെ സ.ഉ.(സാധാ) 2054/11/RD എന്ന സർക്കാർ ഉത്തരവ് മുഖേന ജില്ലാ ഇന്നവേഷൻ ഫണ്ട് സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

1. നിലവിലുള്ള ആസ്തികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
2. ഫണ്ടിന്റെ അപര്യാപ്തതമൂലം നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനത്തിനുള്ള പോരായ്മകൾ പരിഹരിക്കുക.
3. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി പൊതു മേഖലയ്ക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുക.
4. മറ്റ് യാതൊരു ധനസഹായവും ലഭിക്കാത്ത സാഹചര്യത്തിൽ അടിയന്തര പ്രാധാന്യമുള്ള പദ്ധതികൾക്ക് അടിയന്തര ധനസഹായം അനുവദിക്കുക എന്നീ ലക്ഷ്യത്തോടുകൂടിയാണ് ജില്ലാ ഇന്നവേഷൻ ഫണ്ട് നടപ്പിലാക്കുന്നത്.

(ബി) മേൽ സർക്കാർ ഉത്തരവുപ്രകാരം ഒരു കോടി രൂപയുടെ പദ്ധതി ഏറ്റെടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 3-3-2015 ലെ CSFC A2/10/15/Fin എന്ന കത്തിലൂടെ കേന്ദ്ര സർക്കാരിലേക്ക് ആദ്യ ഗഡുവായി അനുവദിച്ച 7 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നുവെങ്കിലും രണ്ടാം ഗഡുവായ 7 കോടി രൂപ അനുവദിക്കുന്നതിനു പകരം 70.87 ലക്ഷം രൂപ മാത്രമേ കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളൂ. കേന്ദ്ര സർക്കാരിൽനിന്നും കുടിശ്ശികയുള്ള തുക ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ നിർദ്ദേശങ്ങൾ

137 (3291) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ 2013-14 വർഷത്തെ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുകയുണ്ടായിട്ടുണ്ടോ;

(സി) 2015-16 ലെ പദ്ധതികളുടെ രൂപരേഖ 2015 മെയ് 31 ന് മുമ്പായി എല്ലാ വകുപ്പുകളിലും പൂർത്തിയാക്കിയിട്ടുണ്ടോ; പൂർത്തിയാക്കാത്ത വകുപ്പുകൾ ഏതൊക്കെ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ വിദഗ്ധ പരിശീലനം എല്ലാ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും നൽകിയിട്ടുണ്ടോ;

(ഇ) ഓരോ പദ്ധതികളുടെയും നിർവ്വഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; ഇത് ചെയ്തിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെ; നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ പേരുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(എഫ്) പദ്ധതി നടപ്പാക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയ എത്രപേരുടെ ഭാഗത്തുനിന്നും ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി; കാര്യക്ഷമത പ്രകടിപ്പിച്ച എത്ര പേർക്ക് പ്രത്യേക അംഗീകാരം നൽകുകയുണ്ടായി?

ഉത്തരം

(എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിലേക്കായി ഭരണാനുമതി നൽകേണ്ട പദ്ധതികൾക്ക് സമയബന്ധിതമായി യഥാസമയം ഭരണാനുമതി നൽകുന്നതിനും വർഷാന്ത്യത്തിൽ പദ്ധതി ചെലവ് അധികരിക്കുന്നത് തടയുന്നതിന് പാദാടിസ്ഥാനത്തിൽ ലക്ഷ്യം കൈവരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇലക്ട്രോണിക് സംവിധാനത്തിലൂടെ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് പ്ലാൻ സ്പേസ് സംവിധാനവും നടപ്പിൽ വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly